"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ 01/01/2015 അടിസ്ഥാനമാക്കിയുള്ള പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യ അവലോകനം - നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) നിലവിൽ വന്നതിനെ തുടർന്ന് നിയമനം മുടങ്ങിയ പ്രത്യേക നിയമനത്തിനായി സംവരണം ചെയ്ത തസ്തികകൾ - റീകാറ്റഗറൈസേഷൻ / തുടർ നടപടി നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - എ) വകുപ്പ്**

സ.ഉ.(കൈ) നം.193/2025/GAD തീയതി,തിരുവനന്തപുരം, 12-12-2025

---

പരാമർശം:-
1. 09/02/2018 ലെ സ.ഉ. (കൈ) നം. 38/2018/പൊഭവ
2. 04/04/2023 ലെ ECA2/50/2023-GAD നമ്പർ സർക്കാർ കത്ത്.
3. പൊതുവിദ്യാഭ്യാസ വകുപ്പ് (വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം) ഡയറക്ടറുടെ 30/01/2024, 25/02/2025 തീയതികളിലെ ഇ8/1384/2022 നമ്പർ കത്തുകളും, 28/04/2025 ലെ VHSE/1920/2024-E7 നമ്പർ കത്തും.

**ഉത്തരവ്**

വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ 01/01/2015 അടിസ്ഥാനമാക്കിയുള്ള പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യ അവലോകനത്തിൽ ഗസറ്റഡ്, നോൺഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിൽ പ്രാതിനിധ്യ കുറവ് കണ്ടെത്തിയതിനെ തുടർന്ന് 12 ഗസറ്റഡ് തസ്തികകളും, 52 നോൺ ഗസറ്റഡ് തസ്തികകളും, ഒരു ലാസ്റ്റ് ഗ്രേഡ് തസ്തികയും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നികത്തുന്നതിന് സംവരണം ചെയ്ത് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) 2018 ൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) നിലവിൽ വന്നതിനെ തുടർന്ന് വൊക്കേഷണൽ തസ്തികകളിൽ നിയമനത്തിന് തടസ്സം നേരിട്ടതിനാൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം സംവരണം ചെയ്തതിൽ ഉൾപ്പെട്ട ഗസറ്റഡ് കാറ്റഗറിയിലെ 8 വൊക്കേഷണൽ തസ്തികകളും, നോൺ ഗസറ്റഡ് കാറ്റഗറിയിലെ 35 വൊക്കേഷണൽ തസ്തികകളും നികത്തുന്നതിന് കഴിയാത്ത സാഹചര്യമുണ്ടായി. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഗസറ്റഡ് കാറ്റഗറിയിലെ 8 വൊക്കേഷണൽ തസ്തികകളും, നോൺ ഗസറ്റഡ് കാറ്റഗറിയിലെ 35 വൊക്കേഷണൽ തസ്തികകളും റീകാറ്റഗറൈസ് ചെയ്യുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം)

ഡയറക്ടർക്ക് പരാമർശം 2 പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

(3) നോൺ ഗസറ്റഡ് കാറ്റഗറിയിൽ 35 വൊക്കേഷണൽ തസ്തികകൾ റീകാറ്റഗറൈസ് ചെയ്യുന്നതിന് ആവശ്യമായ നോൺ വൊക്കേഷൽ തസ്തികകൾ ഇല്ലായെന്നും സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചാൽ ഒരേ തസ്തികയിൽ തന്നെ രണ്ട് ജീവനക്കാർ ഉണ്ടാകുന്ന സ്ഥിതി സംജാതമാകുമെന്നും അത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യത വരുത്തുമെന്നും അതിനാൽ നോൺ ഗസറ്റഡ് കാറ്റഗറിയിൽ റിസർവ്വ് ചെയ്തതിൽ അവശേഷിക്കുന്ന 35 തസ്തികകൾ നികത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ നികത്തുന്നതിൽ ഇളവ് അനുവദിക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം) ഡയറക്ടർ പരാമർശം (3) പ്രാകരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഗസറ്റഡ് കാറ്റഗറിയിലെ 8 വൊക്കേഷണൽ ടീച്ചർ തസ്തികകൾക്കു പകരമായി ചുവടെ ചേർക്കുന്ന പട്ടിക പ്രകാരമുള്ള ഗസറ്റഡ് കാറ്റഗറിയിലെ 8 നോൺ-വൊക്കേഷണൽ ടീച്ചർ തസ്തികകൾ റീകാറ്റഗറൈസ് ചെയ്യാവുന്നതാണെന്നും പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം) ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നം. | തസ്തിക | പട്ടികജാതി/പട്ടികവർഗ്ഗം | പട്ടികവർഗ്ഗം മാത്രം |
|---|---|---|---|
| 1. | നോൺ വൊക്കേഷണൽ ടീച്ചർ ഇൻ ഇംഗ്ലീഷ് | 3 | 2 |
| 2. | നോൺ വൊക്കേഷണൽ ടീച്ചർ ഇൻ ബയോളജി | 1 | 0 |
| 3. | നോൺ വൊക്കേഷണൽ ടീച്ചർ ഇൻ കെമിസ്ട്രി | 0 | 2 |
| | **ആകെ** | **4** | **4** |

(4) സർക്കാർ ഇക്കാര്യം പരിശോധിച്ചു. വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ 01/01/2015 അടിസ്ഥാനമാക്കിയുള്ള പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യ അവലോകനത്തിൽ സംവരണം ചെയ്ത തസ്തികകളിൽ ഉൾപ്പെട്ടതും, നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) നിലവിൽ വന്നതിനെ തുടർന്ന് നിയമനം മുടങ്ങിയതുമായ വൊക്കേഷണൽ തസ്തികകൾ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1.** ഗസറ്റഡ് കാറ്റഗറിയിലെ 8 വൊക്കേഷണൽ തസ്തികകൾക്ക് പകരമായി

പൊതുവിദ്യാഭ്യാസ (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം) ഡയറക്ടർ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുള്ള മേൽ പട്ടിക പ്രകാരമുള്ള 8 തസ്തികകൾ റീകാറ്റഗറൈസ് ചെയ്ത് ഉത്തരവാകുന്നു. പ്രസ്തുത തസ്തികകളിലേയ്ക്ക് അടിയന്തരമായി നിയമനം നടത്തുവാൻ വേണ്ട നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം) ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

**2.** നോൺ ഗസറ്റഡ് കാറ്റഗറിയിലെ 35 വൊക്കേഷണൽ തസ്തികകൾ റീകാറ്റഗറൈസ് ചെയ്യുന്നതിന് പകരം തസ്തികകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആയത് പ്രത്യേകം പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം - 695 004 (ആമുഖ കത്ത് സഹിതം)

ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം), തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ വകുപ്പ്

വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - ബി) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Praveen Kumar S
Date: 12-12-2025 10:49:28
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (അറിവിലേക്കായി)